**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2581** **23-02-2026 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട വൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ചെറുകിട വൈദ്യുത പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | അനുമതി നല്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ **ചെറുകിട ജലവൈദ്യുത പദ്ധതി നയം – 2012** പ്രകാരം, പൊതു/ സ്വകാര്യ/സമൂഹ/ പങ്കാളിത്ത (Public/Private/Community/ Stakeholder participation) മാതൃകയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നയത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായി വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നയപ്രകാരമുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ ടെണ്ടർ വഴി അനുവദിക്കുന്ന പദ്ധതികളിൽ സ്വകാര്യ സംരംഭകർക്ക് പങ്കെടുക്കാം. അതിൽ സംരംഭകന്, പദ്ധതിയെ IPP category (Independent Power Producer) അല്ലെങ്കിൽ CPP category (Captive Power Producer) യിൽ വിഭാവനം ചെയ്യാവുന്നതാണ്.<br><br>മൊത്തം പദ്ധതിയുടെ 26% എങ്കിലും ഓഹരിയോടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 51%ന് മുകളിൽ സ്വയം ഉപയോഗിക്കുകയും ചെയ്യുന്ന സംരംഭകരെ ആണ് CPP കാറ്റഗറി ആയിട്ട് പരിഗണിക്കുന്നത്.<br><br>സർക്കാർ ടെണ്ടർ റൂട്ടിൽ അനുവദിക്കുന്ന പദ്ധതികളിൽ സ്വകാര്യമേഖലയിലെ സംരംഭകർക്ക് പ്രീമിയം (ഉയർന്ന പ്രീമിയം) അടിസ്ഥാനമാക്കിയുള്ള ബിഡിങ് പ്രക്രിയ/ താരിഫ് നിരക്കോ (കുറഞ്ഞ താരിഫ് ) അടിസ്ഥാനപ്പെടുത്തിയുള്ള ബിഡിങ് പ്രക്രിയ വഴി അലോട്ട്മെന്റ് ലഭ്യമാക്കുന്നു.<br><br>ഇവ കൂടാതെ, സ്വന്തമായി കണ്ടെത്തുന്ന (self-identified) പദ്ധതികൾക്ക്/ സ്വന്തം ഭൂമിയിൽ നടപ്പിലാക്കാൻ (own land category) ഒരു മെഗാവാട്ടിന് 15 ലക്ഷം രൂപ എന്ന അടിസ്ഥാന പ്രീമിയം നിരക്കിൽ അലോട്ട്മെന്റ് ലഭ്യമാക്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതി നടത്തിപ്പിന് മുന്നോടിയായി ആവശ്യമായി വരുന്ന എല്ലാ അനുമതികളും സ്വകാര്യ സംരംഭകർ അവരുടെ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും നേടേണ്ടതാണ്. അനുമതികൾ സുഗമമായി ലഭ്യമാക്കുന്നതിന് KSIDC യുടെ സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം സംരംഭകർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.<br><br>ടെണ്ടർ അടിസ്ഥാനത്തിൽ അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന്, സ്വകാര്യ സംരംഭകർ സർക്കാരുമായി ഒരു "നടപ്പാക്കൽ കരാർ" (Implementation Agreement) ഒപ്പുവെക്കേണ്ടതുണ്ട്. |
| (സി) | എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; | (സി) | സ്വകാര്യ സംരംഭകർക്ക് 60 പദ്ധതികൾക്ക് അനുമതി നൽകിയതിൽ നിന്ന് 51 മെഗാവാട്ടിന്റെ സ്ഥാപിത ശേഷി കൈവരിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതി നടപ്പാക്കാനുള്ള പങ്കാളികളെ തെരഞ്ഞെടുക്കുന്ന രീതി വിശദീകരിക്കാമോ; | (ഡി) | സർക്കാർ ടെണ്ടർ റൂട്ടിൽ അനുവദിക്കുന്ന പദ്ധതികളിൽ സ്വകാര്യമേഖലയിലെ സംരംഭകർക്ക് പ്രീമിയം (ഉയർന്ന പ്രീമിയം) അടിസ്ഥാനമാക്കിയുള്ള ബിഡിങ് പ്രക്രിയ/ താരിഫ് നിരക്കോ (കുറഞ്ഞ താരിഫ് ) അടിസ്ഥാനപ്പെടുത്തിയുള്ള ബിഡിങ് പ്രക്രിയ വഴി അലോട്ട്മെന്റ് ലഭ്യമാക്കുന്നു. ഇവ കൂടാതെ, സ്വന്തമായി കണ്ടെത്തുന്ന (self-identified) പദ്ധതികൾക്ക്/ സ്വന്തം ഭൂമിയിൽ നടപ്പിലാക്കാൻ (own land category) ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് അപേക്ഷ സമർപ്പിച്ച്, പദ്ധതിയുടെ ടെക്നോ-എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR)-ന് സർക്കാർ അനുമതി ലഭിക്കുന്ന പക്ഷം ഒരു മെഗാവാട്ടിന് 15 ലക്ഷം രൂപ എന്ന അടിസ്ഥാന പ്രീമിയം നിരക്കിൽ അലോട്ട്മെന്റ് ലഭ്യമാക്കാറുണ്ട്. പദ്ധതി നടത്തിപ്പിന് മുന്നോടിയായി ആവശ്യമായി വരുന്ന എല്ലാ അനുമതികളും സ്വകാര്യ സംരംഭകർ അവരുടെ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും നേടേണ്ടതാണ്.<br><br>ടെണ്ടർ അടിസ്ഥാനത്തിൽ അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന്, സ്വകാര്യ സംരംഭകർ സർക്കാരുമായി ഒരു "നടപ്പാക്കൽ കരാർ" (Implementation Agreement) ഒപ്പുവെക്കേണ്ടതുണ്ട്.<br><br>സ്വകാര്യ സംരംഭകർ, സ്വന്തമായി കണ്ടെത്തുന്ന പദ്ധതികൾക്കോ സ്വന്തം ഭൂമിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കോ ആദ്യഘട്ടമായി ഇ.എം.സി-യിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ഇ.എം.സിയുടെ അനുമതിയോടെ ടെക്നോ- |

| | | | |
|---|---|---|---|
| | | | എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) തയ്യാറാക്കി സംരംഭകൻ സമർപ്പിക്കേണ്ടതുണ്ട്. സർക്കാർ തലത്തിൽ TEFR ക്ലിയറൻസ് കമ്മറ്റിയുടെ ശുപാർശ ലഭിച്ച ശേഷം ആണ് പദ്ധതിക്കുള്ള അനുമതി സർക്കാർ ഉത്തരവായി സംരംഭകന് ലഭിക്കുന്നത്. |
| (ഇ) | ഉത്പാദിക്കപ്പെടുന്ന വൈദ്യുതിയുടെ ഉപഭോഗം സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ? | (ഇ) | CPP വിഭാഗത്തിൽ വരുന്ന പദ്ധതികൾക്ക് ഉൽപ്പാദിപ്പിക്കുന്ന ഊർജത്തിന്റെ ചുരുങ്ങി യത് 51% എങ്കിലും വൈദ്യുതി സംരഭകർ സ്വയം ഉപയോഗിക്കേണ്ടതായിട്ടുണ്ട്. മറ്റു പദ്ധതികളിൽ (IPP വിഭാഗം), ഉല്പാദിപ്പിക്കുന്ന ഊർജ്ജം കെ.എസ്.ഇ.ബിഎൽ-ന് നൽകാവുന്നതാണ്. ഇതിനായി സംരംഭകൻ ഒരു PPA (പവർ പർച്ചേസ് എഗ്രിമെന്റ്) കെ.എസ്.ഇ.ബി.എൽ-മായി ഒപ്പുവെക്കേണ്ടതാണ്.<br><br>ചെറുകിട ജലവൈദ്യുത പദ്ധതി നയം- 2012 പ്രകാരം, കെ.എസ്.ഇ.ബി.എൽ - ന് പദ്ധതിയിൽ നിന്നുള്ള വൈദ്യുതി സ്വീകരിക്കുന്നതിന് പ്രഥമ നിരസനാവകാശം (First Right of Refusal) അനുവദിക്കുന്നുണ്ട്. കെ. എസ്.ഇബി. എൽ. വൈദ്യുതി സ്വീകരിക്കുന്നത് നിരസിക്കുന്ന സാഹചര്യങ്ങളിൽ സംരംഭകന് ഉൽപ്പാദിപ്പിക്കുന്ന ഊർജ്ജം ഓപ്പൺ അക്സസ്സ് വഴി വിൽക്കാനാവുന്നതാണ്. |

സെക്ഷൻ ഓഫീസർ